No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ് /ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ (KEAM-2020) ഒരുക്കങ്ങൾ പൂർത്തിയായി

2020–21 വർഷത്തെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സ് പ്രവേശനത്തിനായുള്ള പ്രവേശന പരീക്ഷയായ കീം–2020 ജൂലൈ 16 ന് നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. കേരളത്തിലെ എല്ലാ ജില്ലകൾക്കും പുറമേ ഡൽഹി, മുംബൈ, ദുബായ് എന്നിവിടങ്ങളിലുമായി 1,10,250 വിദ്യാർത്ഥികൾ കീം പരീക്ഷ എഴുതുന്നുണ്ട്. ഇതിൽ 99306 വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡ് ഡൗൺലെഡ് ചെയ്തു കഴിഞ്ഞു. ഇനിയും ഹാൾ ടിക്കറ്റ് എടുക്കാനാകാത്ത 10344 വിദ്യാർത്ഥികളെ നേരിട്ട് വിളിച്ച് അഡ്മിറ്റ് കാർഡ് ഡൗൺലോഡിംഗിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

2020 ഏപ്രിൽ 20, 21 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷയാണ് ജൂലൈ 16 ലേയ്ക്ക് മാറ്റി വച്ചിരിക്കുന്നത്. കണ്ടെയ്ൻമെന്റ് സോൺ, ഹോട്ട്സ് സ്പോട്ട് എന്നിവയ്ക്കു പുറമേ പല ജില്ലകളിലെ ട്രിപ്പിൾ ലോക്ക് ഡൗൺ മേഖലകളിലും കോവിഡ്–19 വ്യാപന ആശങ്ക തടയുന്നതിന് വേണ്ട മുൻകരുതലുകൾ സ്വീകരിച്ചാണ് പരീക്ഷയ്ക്ക് വേണ്ട ഒരുക്കങ്ങൾ നടത്തിയിട്ടുള്ളത്.

വിദ്യാർത്ഥികളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കിക്കൊണ്ടും രക്ഷകർത്താക്കളുടെ ആശങ്കകൾ അകറ്റിയും കുറ്റമറ്റ രീതിയിൽ പ്രവേശന പരീക്ഷ മുൻനിശ്ചയിച്ച പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ചുമതലയിൽ നടത്തുന്നതാണ്. ഇതിനായി താഴെ പറയുന്ന ഒരുക്കങ്ങളും മുൻകരുതലുകളും പൂർത്തിയാക്കിയിട്ടുണ്ട്.

- കോവിഡ്–19ന്റെ പശ്ചാത്തലത്തിൽ പരീക്ഷയ്ക്കെത്തുന്ന കുട്ടികൾക്ക് ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുള്ള മുൻകരുതലുകളാണ് പരീക്ഷ കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളത്. ഇതിനായി കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് മേധാവികളുമായി അവലോകന ചർച്ച നടത്തിയിട്ടുണ്ട്.

- പരീക്ഷാ ദിവസം പരീക്ഷാ കേന്ദ്രങ്ങളിലും ബസ് സ്റ്റോപ്പുകളിലും ഉണ്ടാകാനിടയുള്ള തിരക്ക് ഒഴിവാക്കി സാമൂഹിക അകലം ഉറപ്പാക്കുന്നതിന് പോലിസിന്റെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം ഡി.ജി.പി.യുടെ നിർദ്ദേശപ്രകാരം എല്ലാ പരീക്ഷാ കേന്ദ്രത്തിലും ഓരോ വനിതാ പോലിസിന്റെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

- ഫയർ ഫോഴ്സിന്റെ നേതൃത്വത്തിൽ പരീക്ഷയുടെ തലേ ദിവസം (15.07.2020) തന്നെ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും അണുവിമുക്ത പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതാണ്. പരീക്ഷയ്ക്കു ശേഷവും പരീക്ഷാ കേന്ദ്രങ്ങൾ അണുവിമുക്തമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
- പരീക്ഷയ്ക്ക് എത്തുന്ന വിദ്യാർത്ഥികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും സാമൂഹിക അകലം പാലിക്കുന്നത് ഉൾപ്പെടെയുള്ള സുരക്ഷാക്രമീകരണങ്ങൾ നടപ്പാക്കുന്നതിനും പോലിസിനൊപ്പം മൂവായിരത്തോളം സന്നദ്ധസേനാ പ്രവർത്തകരുടെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. 50 കുട്ടികൾക്ക് ഒരു സന്നദ്ധസേനാ പ്രവർത്തകൻ എന്ന നിലയിലാണ് ഇവരെ വിന്യസിച്ചിരിക്കുന്നത്. തെർമൽ സ്കാനിംഗ് ഉപയോഗിച്ച് ശരീരോഷ്മാവ് നിർണയിക്കുന്നതിനുള്ള പരിശീലനം ലഭിച്ച ഇവർ ഈ ചുമതല നിർവ്വഹിക്കുന്നതോടൊപ്പം ഹാൻഡ് സാനിറ്റൈസിംഗ്, പ്രവേശന കവാടം മുതൽ ക്ലാസ് റൂം വരെ വേണ്ട നിർദ്ദേശങ്ങൾ നൽകി വിദ്യാർത്ഥികളെ നയിക്കുക എന്നിവയും ചെയ്യുന്നതായിരിക്കും.
- ഉച്ചഭക്ഷണ വേളയിലും ടോയിലറ്റ് പരിസരത്തും പരീക്ഷയ്ക്കു ശേഷം പുറത്തേയ്ക്കിറങ്ങുമ്പോഴും വിദ്യാർത്ഥികളുടെ തിരക്ക് നിയന്ത്രിച്ച് സാമൂഹിക അകലം ഉറപ്പാക്കുന്നതിനും സന്നദ്ധസേനാ പ്രവർത്തകരുടെ സേവനം ലഭ്യമായിരിക്കും.
- അതത് പരീക്ഷാ കേന്ദ്രങ്ങളിലെ ശുചിമുറികൾ വൃത്തിയാക്കാനുള്ള നിർദ്ദേശം അധികൃതർ നടപ്പിലാക്കുന്നതാണ്. എന്നാൽ ക്ലീനിംഗ് സ്റ്റാഫുകളുടെ അപര്യാപ്തത ഉള്ള കേന്ദ്രങ്ങളിൽ തദ്ദേശ സ്വയംഭരണ/കോർപ്പറേഷൻ വകുപ്പുകളിൽ നിന്നുള്ള സേവനം ഇതിനായി ഉറപ്പാക്കിയിട്ടുണ്ട്. പരീക്ഷയ്ക്കു എത്തുന്ന വിദ്യാർത്ഥികൾ പരീക്ഷാ സാമഗ്രികൾക്കു പുറമെ കുടിവെള്ളം, ഉച്ചഭക്ഷണം എന്നിവ കരുതണമെന്നും ഇവ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.
- വിദ്യാർത്ഥികളെ അനുഗമിക്കുന്ന രക്ഷിതാക്കൾ കഴിവതും പരീക്ഷയ്ക്കു മുന്നേ മടങ്ങി പോയി പരീക്ഷയ്ക്കു ശേഷം മാത്രം പരീക്ഷാ കേന്ദ്രത്തിലെത്താനുള്ള നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. എന്നാൽ ഇതിനു കഴിയാത്ത രക്ഷിതാക്കൾക്കായി പരീക്ഷാ കേന്ദ്രത്തിനടുത്ത് വിശ്രമകേന്ദ്രം ഒരുക്കുന്നതിനു അതത് പഞ്ചായത്ത്/കോർപ്പറേഷനുകളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ രക്ഷിതാക്കൾക്കായി കുടിവെള്ളവും ടോയിലറ്റ് ലഭ്യമാക്കും.
- സ്വകാര്യ വാഹനങ്ങളിൽ പരീക്ഷയ്ക്ക് എത്തുന്ന വിദ്യാർത്ഥികൾ 'Entrance Examination Purpose' എന്ന ബോർഡു വച്ച് സുഗമമായ യാത്രാനുമതി ലഭ്യമാക്കാം. കൂടാതെ വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ്, പരീക്ഷയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരുടെ ഐ.ഡി.കാർഡും യാത്രാപാസ് ആയി ഉപയോഗിക്കാവുന്നതാണ്.
- അന്യസംസ്ഥാനക്കാരായ വിദ്യാർത്ഥികൾക്കും ക്വാറന്റയിനിൽ നിന്നെത്തുന്ന വിദ്യാർത്ഥികൾക്കും പ്രത്യേകം റൂമുകൾ സജ്ജീകരിക്കുയും മറ്റു പരീക്ഷാർത്ഥികളു

മായി സമ്പർക്കത്തിൽ ഏർപ്പെടാതിരിക്കാൻ ഉള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതോടൊപ്പം അവശ്യഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനായി ജില്ലകളിലെ ലെയ്സൺ ഓഫീസർമാരുടെ ഫോൺ നമ്പർ അഡ്മിറ്റ് കാർഡിൽ ലഭ്യമാക്കിയിട്ടുണ്ട്.

- പരീക്ഷാ ചുമതലയുള്ള ഇൻവിജിലേറ്റർമാർ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനോടൊപ്പം ഗ്ലൗസ് ധരിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

- വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി പ്രത്യേക സർവ്വീസ് നടത്തുന്നതിനും പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്ക് വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം രാവിലെയും വൈകുന്നേരവും സ്പെഷ്യൽ സർവ്വീസ് നടത്തുന്നതിനും കെ.എസ്.ആർ.ടി.സി സൗകര്യം ഒരുക്കുന്നതാണ്. കൂടാതെ **'bus on demand'** പദ്ധതിയും കെ.എസ്.ആർ.ടി.സി ഒരുക്കിയിട്ടുണ്ട്.

- രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടേയും സംശയനിവാരണത്തിനായി കീം ഹെൽപ്പ് ലൈൻ നമ്പരായ 0471 2525300 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.
- അന്യസംസ്ഥാനക്കാരായ വിദ്യാർത്ഥികൾക്ക് 'ഷോർട്ട് വിസിറ്റ് പാസ്' നേടുന്നതിനായി കേരളാ സർക്കാരിന്റെ 'ഇ–ജാഗ്രതാ പോർട്ടൽ' വഴി രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ വെബ്സൈറ്റ് വഴി ലഭ്യമാക്കിയിട്ടുണ്ട്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471-2525300**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
14.07.2020